മാധ്യമം

24-01-2018



സി.എം.എഫ്.ആർ.ഐ സംഘടിപ്പിക്കുന്ന വിൻറർ സ്കൂളിൻെറ ഉദ്ഘാടനം കേന്ദ്ര ബയോടെക്നോളജി വകുപ്പ് മുൻ സെക്രട്ടറി ഡോ. മഞ്ജു ശർമ നിർവഹിക്കുന്നു

# രാജ്യത്തെ ഗുരുതര പ്രശ്നം പോഷകാഹാരക്കുറവ് –ഡോ. മഞ്ജു ശർമ

**കൊച്ചി:** രാജ്യത്ത് പോഷകാഹാരക്കുറവ് ഗുരുതര പ്രശ്നമായി തുടരുകയാണെന്ന് കേന്ദ്ര ബയോടെക്നോളജി വകുപ്പ് മുൻ സെക്രട്ടറിയും പദ്മഭൂഷൺ ജേതാവുമായ ഡോ. മഞ്ജു ശർമ.

ഗ്രാമപ്രദേശങ്ങളിൽ കുട്ടികൾ അനുഭവിക്കുന്ന പോഷകാഹാരക്കുറവ് പരിഹരിക്കാൻ കൂട്ടായ ശ്രമം വേണം.

21 ലക്ഷം കുട്ടികൾ ഇന്ത്യയിൽ പോഷകാഹാരക്കുറവുമൂലം മരിക്കുന്നെന്നും അവർ പറഞ്ഞു. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) സംഘടിപ്പിക്കുന്ന വിൻറർ സ്കൂൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. ഹരിതവിപ്ലവത്തിനുശേഷം ജനിതകവിപ്ലവമാണ് രാജ്യത്ത് നടക്കുന്നത്.

ജനിതകമാറ്റം വരുത്തിയ പരുത്തിയുടെ വികസനം കാർഷിക മേഖലയിൽ വൻ മാറ്റമാണ് ഉണ്ടാക്കിയതെന്ന് അന്ന് കേന്ദ്ര ബയോടെക്നോളജി വകുപ്പ് സെക്രട്ടറി കൂടിയായിരുന്നു ഡോ. മഞ്ജു ശർമ പറഞ്ഞു.

ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. മറൈൻ ബയോടെക്നോളജി വിഭാഗം മേധാവി ഡോ. പി. വിജയഗോപാൽ, സീനിയർ സയൻറിസ്റ്റ് ഡോ. കാജൽ ചക്രവർത്തി എന്നിവർ സംസാരിച്ചു.